സംഖ്യയും പിൻപുള്ള സംഖ്യയും എഴുതുന്നു.

- മൂന്നക്കസംഖ്യകളുടെ സങ്കലനം ചെയ്യുന്നു. സംഖ്യാകാർഡുകൾ, സംഖ്യാചക്രം, എന്നിവ ഉപയോഗിക്കാം.

- മൂന്നക്കസംഖ്യകളിൽ നിന്നുള്ള രണ്ടക്ക സംഖ്യകളും തമ്മിലെ സങ്കലനം.

- വ്യവകലനം-ആശയം ഉറപ്പിക്കാൻ

10 മുതൽ ഒന്ന് വരെ പിറകോട്ട് എണ്ണാൻ പഠിക്കുന്നു. സംഖ്യ ചാർട്ട് ഇതിനായി ഉപയോഗിക്കാം. തുടർന്ന് 20-1 എണ്ണാൻ പഠിക്കുന്നു.

പുനഃക്രമീകരണം ഇല്ലാത്ത വ്യവകലനം

തുടർന്ന് പുനഃക്രമീകരണം ആവശ്യമായ വ്യവകലനം.

English

- Introduce alphabets one by one.

Ask them to write letters repeatedly. Ask them to identify the familiar letters in their text book. and undeline them.

- Provide opportunities to hear and practice the sounds of alphabets. Then consonants with vowel - sa, le ni to

- Provide simple words with one vowel and it will be read by them

eg cat ban van man

• കൊച്ചുകഥകൾ വായിക്കുന്നു. ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തുന്നു. അതിലൂടെ ആശയഗ്രഹണത്തോടെയുള്ള വായനയിലേക്ക് കുട്ടികളെ നയിക്കുന്നു

• ചെറുവിവരണങ്ങൾ തയ്യാറാക്കാനവസരം നൽകുന്നു

## ഗണിതം

• സംഖ്യകൾ ക്രമമായി എഴുതാനും പറയാനും അവസരം നൽകുന്നു. പല വസ്തുക്കൾ ഉപയോഗിച്ച് എണ്ണുവാനും എഴുതുവാനും അവസരം നൽകുന്നു. (1-50)

• മൂർത്ത വസ്തുക്കളിലൂടെ വലുത് ചെറുത് എന്ന ആശയം മനസിലുറപ്പിക്കുന്നു. തുടർന്ന് ~~കൂട്ട~~ നമ്പർകാർഡുകൾ ഉപയോഗിച്ച് വലിയ സംഖ്യ ചെറിയ, ആരോഹണ അവരോഹണ ക്രമം എന്നിങ്ങനെയുള്ള ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നു.

• ഒറ്റസംഖ്യ, രണ്ടക്കസംഖ്യ സങ്കലനം,
രണ്ട് ഡയസുകളുപയോഗിച്ച് രണ്ടക്കസംഖ്യ, രൂപീകരിക്കുന്നു. വായിക്കുന്നു, വലുത് ചെറുത് കണ്ടെത്തുന്നു. സങ്കലനം നടത്തുന്നു.

• മൂന്നക്കസംഖ്യകൾ തുടർച്ചയായി എഴുതാനും ക്രമമായി പറയാനും, നിശ്ചിതസംഖ്യ തിരിച്ചറിയാനും പഠിക്കുന്നു. അതിനായി സംഖ്യാചാർട്ട് നൽകുന്നു.

• മൂന്ന് ഡയസുകൾ ഉപയോഗിച്ച് മൂന്നക്കസംഖ്യകൾ രൂപീകരിക്കുന്നു. സംഖ്യയുടെ മുൻപുള്ള

അടിയിൽ വരക്കുന്നു.

• പരിചിതമായ അക്ഷരങ്ങൾ വരുന്ന വാക്കുകൾ നൽകുന്നു. വായിക്കാനവസരം നൽകുന്നു. വാക്കുകളിൽ ചിഹ്നങ്ങൾ ചേർത്ത് നൽകുന്നു.

| | | |
|---|---|---|
| കട | കാട | കടി |
| തട | താട | താടി |
| മല | മാല | മാലി |
| വല | വാല | വല്ലി |

• അക്ഷരങ്ങളോടൊപ്പം ചിഹ്നങ്ങളും പരിചയപ്പെടുന്നു. അതിനായി മറ്റ് കുട്ടികളെക്കൂടി ഉൾപ്പെടുത്തി വായനാക്കാർഡുകൾ തയ്യാറാക്കുന്നു. കുട്ടികൾ വായിക്കുന്നു.

• അക്ഷരങ്ങളുടെ എണ്ണം കൂട്ടി ചേർത്ത് വായിക്കാനവസരം നൽകുന്നു.

ഉദാ: അവസരം , അനവരതം , പരിപാലനം

• ശരിയായ വാക്കുകൾ കണ്ടെത്താനവസരം നൽകുന്ന പ്രവർത്തനങ്ങളിലൂടെ അക്ഷരങ്ങളും, ചിഹ്നങ്ങളും, ഉച്ചാരണവും കുട്ടികളിൽ ഉറപ്പിക്കുന്നു.

ഉദാ: തമര താമര
ചമരം ചാമരം

• കുട്ടിക്കഥകളും, കവിതകളും ഉച്ചത്തിൽ വായിക്കുന്നു.

• ലേഖനപ്രവർത്തനങ്ങളുടെ മുന്നോടിയായി കൊച്ചു കൊച്ചു വാക്കുകൾ കേട്ടെഴുത്ത് നടത്തുന്നു

ഘട്ടം    ഭാഷാപ്രയോഗവും ആശയവിനിമയവും

കുട്ടികളുടെ വായനാശേഷി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- വായനാ കാർഡുകൾ

വായനാ കാർഡുകൾ നൽകുകയും അവ ഉറക്കെ വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

- ലളിതമായ ഒരു കൊച്ചുകഥ

ലളിതമായ കഥ വായിച്ച് ആശയം മനസ്സിലാക്കുന്നു.

ഉദ്ദേശം 2 വായന പരിശീലനം (7, 8 ആഴ്ചകൾ)

ലളിതമായ വാക്കുകളും വാക്യങ്ങളും വേഗത്തിലും തെറ്റുകൂടാതെയും വായിക്കാൻ പഠിക്കുന്നു.

പ്രവർത്തനങ്ങൾ

വാക്കുകൾ കൂട്ടിവായിക്കൽ

- ഒന്നോ രണ്ടോ അക്ഷരങ്ങൾ മാത്രം എഴുതിയ വാക്കുകൾ കാണിച്ച് വായിപ്പിക്കുന്നു

| തറ | കട | വല | പലക |
| --- | --- | --- | --- |

- ലളിതമായ വാക്യങ്ങൾ ചിത്രത്തോട് ഒപ്പം നൽകുന്നു.

  ഉറക്കെ വായിപ്പിക്കുന്നു

- കേട്ടെഴുത്ത്: -

  വാക്കുകളുടെ കേട്ടെഴുത്ത്: -

  ലളിതമായ വാക്കുകൾ ഉച്ചത്തിൽ പറയുന്നു. കുട്ടികൾ വേഗത്തിലും അക്ഷരത്തെറ്റില്ലാതെയും എഴുതുന്നു

## ഘടകം 1 അടിസ്ഥാന ശേഷി വികസനം

(ആദ്യത്തെ 4-6 ആഴ്ചകൾ)

അക്ഷരജ്ഞാനം, ലളിതമായ വാക്കുകൾ തിരിച്ചറിയാനുള്ള കഴിവ്, വായനയുടെ ആദ്യപടികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു.

### പ്രവർത്തനങ്ങൾ

അക്ഷരമാല പഠനം:-

ഓരോ അക്ഷരവും ശരിയായി എഴുതാനും ഉച്ചരിക്കാനും പഠിക്കുക.

അക്ഷരം കണ്ടെത്തൽ, വാക്കുണ്ടാക്കൽ

അക്ഷര കാർഡുകൾ നിരത്തി വയ്ക്കുക. ടീച്ചർ ഒരു അക്ഷരം പറയുമ്പോൾ ആ അക്ഷര കാർഡ് എടുത്തു കാണിക്കുന്നു. തുടർന്ന് ആ അക്ഷരം വരുന്ന ഒരു വാക്ക് പറയാൻ ആവശ്യപ്പെടുക.

കാണാതായ അക്ഷരം കണ്ടെത്താം.

വിട്ടുപോയ അക്ഷരം പൂരിപ്പിക്കാൻ ആവശ്യപ്പെടാം.